പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 2803

20.06.2013ൽ
മറുപടിക്ക്

# നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിപാലനം

| ചോദ്യം<br>ഡോ.കെ.ടി.ജലീൽ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭാഗമായിട്ടുള്ള ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ; | (എ) ഡാറ്റാ ബാങ്കിന്റെ കരട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അതാത് കൃഷി ഭവനുകൾ മുഖേന പൂർത്തീകരിച്ചു വരുന്നു. ന്യൂനതകൾ പരിഹരിച്ചിട്ടുള്ളവ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ഗസറ്റ് വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. അപാകതകൾ പരിഹരിച്ച് ഡാറ്റാ ബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കേണ്ടതിനാലാണ് കാലതാമസം വരുന്നത്. |
| (ബി) പ്രസ്തുത നിയമത്തിന്റെ ഭരണച്ചുമതല ഏത് വകുപ്പിലാണ് നിക്ഷിപ്തമായിട്ടുള്ളത് ; | (ബി) റവന്യു വകുപ്പ്. |
| (സി) നിലം നികത്തുന്നതിന് സർക്കാരിന്റെ ഏതെല്ലാം വകുപ്പുകളിൽ നിന്ന് ഉത്തരവ് നൽകുന്നുണ്ട് ; | (സി) കെ.എൽ.യു.ഉത്തരവ് 1967 പ്രകാരം നിലം നികത്തുവാൻ അനുമതി നൽകിയിരുന്നത് ആർ.ഡി.ഒ / ജില്ലാ കളക്ടർ ആയിരുന്നു. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം വീട് വയ്ക്കുന്നതിനായി നിലം നികത്തുവാൻ അനുമതിയ്ക്കായി ലഭിക്കുന്ന അപേക്ഷകളിൽ പ്രാദേശികതല നിരീക്ഷണ സമിതി |

ശുപാർശ ചെയ്യുന്ന കേസുകൾ പരിഗണിച്ച് വ്യക്തമായ തീരുമാനം കൈക്കൊള്ളുന്നത് പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറും റവന്യു ഡിവിഷണൽ ഓഫീസർ ചെയർമാനുമായുള്ള ജില്ലാ അധികൃത സമിതിയാണ്. സർക്കാർ പൊതു ആവശ്യങ്ങൾക്കായി നെൽ വയൽ നികത്തുന്നതിന് പ്രാദേശികതല സമിതികൾ ശുപാർശ ചെയ്തിട്ടുള്ള ഓരോ അപേക്ഷയും പരിശോധിച്ച് സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ട് പരിഗണിച്ച് അനുമതി നൽകുന്നത് കാർഷികോൽപാദന കമ്മീഷണറാണ്.

(ഡി) നിയമവിരുദ്ധമായ ഉത്തരവിന്റെ മറവിൽ നികത്തപ്പെട്ടിട്ടുള്ള നിലം കണ്ടെത്തുന്നതിനും ഉത്തരവാദിക - ളുടെ പേരിൽ നടപടിയെടുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ